LIBRARY ARCHIVES Kerala Legislative Assembly

കള്ളുഷാപ്പുകളുടെ നടത്തിപ്പ് സംബന്ധിച്ച സർക്കാർ തീരുമാനം

23 [480] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സാമ്പത്തിക വർഷം കള്ളുഷാപ്പുകളുടെ നടത്തിപ്പിനെക്കുറിച്ച് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) റേഞ്ച് അടിസ്ഥാനത്തിൽ ഷാപ്പുകളുടെ നടത്തിപ്പിന് സൗകര്യമുണ്ടാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) വെട്ടിക്കുറച്ച കള്ളുഷാപ്പുകളുടെ എണ്ണം പുനഃസ്ഥാപിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) കള്ളുഷാപ്പുകളുടെ അശാസ്ത്രീയമായ ദൂരപരിധി നിയമം പുനഃപരിശോധിച്ച് ഷാപ്പുകളുടെ നടത്തിപ്പിന് നടപടി സ്വീകരിക്കുമോ;

(ഇ) എല്ലാ വിഭാഗം തൊഴിലാളി യൂണിയനുകളും എതിർക്കുന്ന കള്ളു ഷാപ്പുകളിൽ ചാരായ തൊഴിലാളികളെ നിയമിക്കാനുള്ള സർക്കാർ തീരുമാനം പിൻവലിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—ഡി) സർക്കാർ തലത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(ഇ) ചാരായ തൊഴിലാളികളെ കള്ളു ഷാപ്പുകളിൽ നിയമിക്കുന്നതിനെതിരെ സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള S.L.P. No. 8588/05-ന്റെ അന്തിമ തീരുമാനം അറിഞ്ഞതിനുശേഷമേ സർക്കാർ തീരുമാനം വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ.

വ്യാജമദ്യ ദുരന്തം

24 [481] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി എത്ര വ്യാജമദ്യ ദുരന്തങ്ങൾ ഉണ്ടായിയെന്നും എത്ര പേർ മരണപ്പെട്ടെന്നും എത്രപേർക്ക് പരിക്ക് പറ്റിയെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത വ്യാജമദ്യ ദുരന്ത കേസ്സുകളിൽ എക്സൈസ് വകുപ്പിലെ എത്ര ഉദ്യോഗസ്ഥർ പ്രതികളായിട്ടുണ്ടെന്നും അവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതു വരെയായി സംസ്ഥാനത്ത് വ്യാജമദ്യം, സ്പിരിറ്റ് കടത്തൽ എന്നീ വിഭാഗങ്ങളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വകുപ്പിലെ എത്ര ഉദ്യോഗസ്ഥർ പ്രതിക്കളായിട്ടുണ്ടെന്നും അറിയിക്കുമോ;